## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

26.09.2016 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 4

### സപ്ലൈകോ വഴി കർഷകരിൽ നിന്നും നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഒ. ആർ. കേളു<br>ശ്രീ. കെ.വി.വിജയദാസ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ. കെ.ഡി. പ്രസേനൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോ വഴി കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന് രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണെന്ന കർഷക സംഘടനകളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടില്ല; എന്നാൽ നെല്ല് സംഭരിക്കുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ചില കർഷകർക്ക് ബുദ്ധിമുട്ട് ഉള്ളതായി കാണുന്നു. ടി കർഷകർക്ക് രജിസ്ട്രേഷൻ ചെയ്യുന്നതിന് സമയം ദീർഘിപ്പിച്ച് നൽകാറുണ്ട്. |
| (ബി) രജിസ്റ്റർ ചെയ്യാൻ ആധാർ കാർഡ് നിർബന്ധമാക്കിയത് നിരവധി കർഷകർക്ക് ആനുകൂല്യം ലഭിക്കാതിരിക്കാൻ കാരണമായിട്ടുണ്ടെന്ന പരാതി പരിശോധിക്കുമോ; ആധാർ കാർഡ് നിർബന്ധമാക്കിയത് സുപ്രീം കോടതി വിധിയുടെ ലംഘനമാണെന്നത് കണക്കിലെടുത്ത് അത് ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ; | (ബി) സപ്ലൈകോ നടപ്പിലാക്കുന്ന നെല്ല് സംഭരണ പദ്ധതി കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ ഭാഗമാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും, FCI യിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുക മാത്രമാണ് സപ്ലൈകോ ചെയ്തിട്ടുള്ളത്. കർഷക രജിസ്ട്രേഷന് ആധാർ നിർബന്ധമാക്കിയത് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമായതിനാൽ, ഈ കാര്യത്തിൽ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |
| (സി) ഐ.എഫ്.എസ്.സി നമ്പറുള്ള ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കിയത് സഹകരണ സംഘങ്ങളെ ഒഴിവാക്കാൻ ഇടയാക്കുന്നു എന്ന കാര്യം | (സി) നെല്ലിന്റെ വില കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കണം എന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം നടപ്പിലാക്കുന്നതിന് വേണ്ടിയാണ് കർഷകർ IFSC ഉള്ള ബാങ്ക് |

| | |
|---|---|
| പരിഗണിച്ച് പ്രസ്തുത നിർദ്ദേശം ഉപേക്ഷിച്ച് കർഷകർക്ക് സഹകരണ ബാങ്കുകൾ മുഖേന കൂടി ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | അക്കൗണ്ട് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. കർഷകർക്ക് സഹകരണ ബാങ്കുകൾ മുഖേനയും ആനുകൂല്യം ലഭിക്കുവാൻ നിലവിൽ നടപടിയുണ്ട്. സഹകരണ ബാങ്കുകളിൽ അക്കൗണ്ട് ഉള്ള കർഷകർക്ക് ജില്ലാ സഹകരണ ബാങ്ക് മുഖേനയും നിലവിൽ നെല്ലിന്റെ വില ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ